LIBRARY ARCHIVES Kerala Legislative Assembly

ശ്രേയ, അസ്റ്റിൻ ദേവരാജ്, കതിരൂർ മനോജ്, അബ്ദുൾ ഹക്കിം എന്നിവരുടെ മരണവുമായി ബന്ധപ്പെട്ട കേസുകൾ CBI-ക്ക് കൈമാറിക്കൊണ്ട് സംസ്ഥാന സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ഇതിൽ എല്ലാ കേസുകളും സി.ബി.ഐ. ഏറ്റെടുത്തിട്ടില്ല. കേസിന്റെ സ്വഭാവവും വിവിധ കോണുകളിൽ നിന്നുള്ള അഭ്യർത്ഥനയും പുതിയ വെളിപ്പെടുത്തലുകളും നിയമവശങ്ങളും പരിഗണിച്ചും സംസ്ഥാന പോലീസ് മേധാവിയുടെ ശിപാർശ കണക്കിലെടുത്തുമാണ് സി.ബി.ഐ. അന്വേഷണത്തിനു കേസുകൾ വിട്ടിട്ടുള്ളത്.

എം.ജി. കോളേജിലെ ബോംബേറ്

176 (177) <u>ശ്രീ. എം. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം എം.ജി. കോളേജിൽ, സി.ഐ.യെ ബോംബെറിഞ്ഞ കേസ് പിൻവലിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതു സാഹചര്യത്തിലാണ് പ്രസ്തുത തീരുമാനമെടുത്തതെന്ന് വ്യക്തമാക്കാമോ ;

(സി) ഇതിനെതിരായി പോലീസ് അസോസിയേഷൻ ഏതെങ്കിലും നിവേദനം സർക്കാരിന് നൽകിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത നിവേദനത്തിന്റെ അടിസ്ഥാനത്തിൽ കേസ് പിൻവലിക്കാനുള്ള നടപടി നിർത്തിവെക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ഇ) ഇതു സംബന്ധിച്ച് മുഖ്യമന്ത്രിയും ആഭ്യന്തരമന്ത്രിയും തമ്മിൽ അഭിപ്രായ വ്യത്യാസമുണ്ടെന്നുള്ള പത്രവാർത്ത ശരിയാണോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പ്രസ്തുത കേസിലെ 17-ാം പ്രതി ആദർശിന് സർക്കാർ ജോലി കിട്ടാതെ പോകുന്ന സാഹചര്യമുണ്ടായപ്പോൾ ടിയാന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ മാനുഷിക പരിഗണന നൽകിയാണ് ടി കേസ് പിൻവലിക്കുവാൻ സർക്കാർ സമ്മതപത്രം നൽകിയത്.

(സി) ഉണ്ട്.

(ഡി) പ്രസ്തുത നിവേദനം സർക്കാരിൽ ലഭിക്കുന്നതിന് മുമ്പാണ് കോടതി ഈ കേസ് പിൻവലിച്ച് ഉത്തരവായിട്ടുള്ളത്.